(6) ക്ഷേത്രജീവനക്കാരുടെ സമരം

ശ്രീ .എ.വി.താമരാക്ഷൻ: സർ, തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ അടിച്ചു തളി മുതൽ ശാന്തിപ്പണിവരെ ചെയ്യുന്ന 1200–ൽപ്പരം ക്ഷേത്രങ്ങളിലെ അയ്യായിരത്തിൽപ്പരം ജീവനക്കാർ ഇന്നു സമരരംഗത്താണ്. ഇരുപതിൽപ്പരം അടിയന്തിരാവശ്യങ്ങളാണ് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയ്യായിരത്തിൽപ്പരം ജീവനക്കാർ സമരത്തിൽ ഉറച്ചുനിൽക്കുകയാണ്. നാളെ ഈ ജീവനക്കാർ ദേവസ്വം ബോർഡിലേക്ക് മാർച്ച് ചെയ്യുകയാണ്. ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, സെക്കൻഡ് ഗ്രേഡ് തേഡ് ഗ്രേഡിലും അനുവദിക്കുക, ഗവൺമെന്റ് ജീവനക്കാർക്ക് തുല്യമായ നിലയിൽ പെൻഷൻ അനുവദിക്കുക തുടങ്ങിയ ഇരുപതിൽപ്പരം ആവശ്യങ്ങളാണ് ക്ഷേത്രജീവനക്കാർ ഉയർത്തിയിരിക്കുന്നത്. ഇന്നലെ ദേവസ്വം ബോർഡ് അധികാരികളുമായി ചർച്ച നടത്തിയെങ്കിലും ഇതിനെ സംബന്ധിച്ച് ഫലപ്രദമായ ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. മറ്റ് തൊഴിലാളികളെപ്പോലെ പണിമുടക്കാൻ അവകാശമില്ലാത്ത 1200–ൽപ്പരം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന അയ്യായിരത്തിൽപ്പരം ജീവനക്കാരുടെ ജീവത്തായ ഈ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്നാണ് . എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.സി.എം.സുന്ദരം): സർ, 8–7–1986–ൽ ടെമ്പിൾ എംപ്ലോയീസ് യൂണിയൻ പ്രതിനിധികളും ദേവസ്വം ബോർഡുമായിട്ട് ചർച്ച നടത്തി. അതിന്റെയടിസ്ഥാനത്തിൽ കാര്യങ്ങൾ തീർന്നിരിക്കുന്നു എന്നുള്ളതാണ് വസ്തുത. ആ നിലയ്ക്ക് ഇക്കാര്യത്തിൽ കൂടുതലായി ഒന്നും പറയാനുണ്ടെന്നു തോന്നുന്നില്ല.

(7) കാൻറീൻ തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ

ശ്രീ.വി.കെ.രാജൻ: സർ, കേരളത്തിൽ ഇൻഡസ്ട്രിയൽ കാൻറീനുകളിൽ പണിയെടുക്കുന്ന ജീവനക്കാർ പല കമ്പനികളിലും കോൺട്രാക്ട് തൊഴിലാളികളായി ജോലി ചെയ്തു വരികയാണ്. കമ്പനികളിൽ നിർബന്ധമായി കാൻറീൻ സൗകര്യങ്ങൾ വേണമെന്നു നിയമപരമായി ഇൻഡസ്ട്രിയൽ ആക്ട് അനുശാസിക്കുമ്പോൾ ഈ തൊഴിലാളികൾ ഇന്ന് കോൺട്രാക്ടർമാരുടെ കീഴിൽ യാതൊരു പരിരക്ഷയുമില്ലാതെ മുതലാളിമാർക്ക് പണമുണ്ടാക്കുവാനുള്ള ഉപകരണങ്ങളായി നിലനിൽക്കുകയാണ്. ഇതിനെതിരായി യൂണിയനുകൾ നിരവധി പരാതികൾ കോൺട്രാക്ട് ലേബർ അബോളിഷ്മെന്റ് ബോർഡിന് കൊടുത്തതിന്റെ ഫലമായി 2 വർഷം മുമ്പ് ബോർഡ് ഭാരവാഹികളേയും യൂണിയൻ പ്രതിനിധികളേയും കമ്പനി മാനേജ്മെന്റുകളേയും എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറാഫീസിൽ വിളിച്ചു വർത്തി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. എന്നാൽ ബോർഡിന്റെ തീരുമാനം നാളിതുവരെ യൂണിയനെ അറിയിച്ചിട്ടില്ല. ഇതിനെക്കുറിച്ച് ബോർഡിൽ അന്വേഷിച്ചപ്പോൾ സർക്കാർ നിർദ്ദേശപ്രകാരം തൽക്കാലനടപടികൾ നിർത്തിവച്ചിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അവർക്ക് പരിരക്ഷ കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഫാക്ടറി നിയമമനുസരിച്ച് ഇരുനൂറിയമ്പതോ അതിലധികമോ തൊഴിലാളികളം പണിയെടുക്കുന്ന വ്യവസായസ്ഥാപനങ്ങളിൽ കാൻറീൻ വേണമെന്നുണ്ട്. കാൻറീൻ തൊഴിലാളികൾക്ക് ഇപ്പോഴത്തെ ഷോപ്പ് എസ്റാബ്ലിഷ്മെൻറ് ആക്ടിലെ എല്ലാ പരിരക്ഷകളും ലഭ്യമാണ്. മിനിമം വേജസ്, പേമെൻറ് ഓഫ് വേജസ്, പേമെൻറ് ഓഫ് ബോണസ് ആക്ട്, പേമെൻറ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങിയ നിയമങ്ങളുടെ പരിരക്ഷകളം അവർക്കുണ്ട്. തൊഴിൽ സുരക്ഷിതത്വത്തെപ്പറ്റി എന്തെങ്കിലും തർക്കമുണ്ടായാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൻറെ പരിധിയിൽ വരുന്നവരാണവർ. അവർക്ക് പ്രത്യേകമായി ഒരു നിയമം ഉണ്ടാക്കണമോയെന്നുള്ള കാര്യം ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

(8) ഉണ്ണായിവാര്യർ സ്മാരക കലാനിലയം

ശ്രീ.ലോനപ്പൻ നമ്പാടൻ: സർ, നളചരിതം ആട്ടക്കഥയുടെ രചയിതാവായ ഉണ്ണായിവാര്യർ ജനിച്ച പുരത്തറയിൽ 1955-ൽ ആരംഭിച്ച ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിൻറെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. ആ കലാനിലയം ചോർന്നൊലിക്കുകയാണ്. വിദേശവിദ്യാർത്ഥികളെപ്പോലും ആകർഷിച്ച ഈ സ്ഥാപനത്തിൽ 22 വിദ്യാർത്ഥികളും 15 അദ്ധ്യാപകരുമുണ്ട് 11 അദ്ധ്യാപകരെ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. അവർക്ക് ഹൈസ്ക്കൂൾ ഗ്രെയ്ഡ് നൽകി നേരിട്ട് ശമ്പളം നൽകണം. വിദ്യാർത്ഥികളുടെ സ്റൈപ്പൻഡ് 200 രൂപയാക്കണം. ഈ സ്ഥാപനത്തിന് ഇതുവരെ മെയിൻറനൻസ് ഗ്രാൻറ് നൽകിയിട്ടില്ല. എസ്റിമേറ് അയച്ചെങ്കിലും മുഖ്യമന്ത്രി ഉറപ്പ് നൽകിയ 85,000 രൂപ പോലും ഇതുവരെ ലഭിച്ചിട്ടില്ല. ഇവിടെ കഥകളിക്ക് പുറമേ മറ് ക്ഷേത്രകലകളും പഠിപ്പിക്കണം. കഥകളിക്കോപ്പ് വാങ്ങാൻ 25,000 രൂപ അനുവദിക്കണം. ഉണ്ണായിവാര്യരുടെ പേരിൽ ഇൻഡ്യയിലുള്ള ഏക സ്ഥാപനമാണിത്. പെരുതുരുത്തിയിലെ കലാമണ്ഡലത്തിന് നൽകുന്ന അംഗീകാരമെങ്കിലും ഇതിന് നൽകണം. മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപര്യമെടുക്കുമെന്ന് ഉറപ്പായി വിശ്വസിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ.കരുണാകരൻ): സർ, പ്രാദേശികമായിട്ട് കലാകാരൻമാരും സാഹിത്യകാരൻമാരും താൽപര്യമെടുത്ത് രൂപീകരിച്ച ഒരു കമ്മിറ്റിയാണ് ഈ സ്ഥാപനത്തിൻറെ മാനേജുമെൻറ് നടത്തുന്നത്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുമ്പ് ഇതിന് കൊടുത്തിരുന്ന ഗ്രാൻറ് 25,000 രൂപയായിരുന്നു. ഇവിടത്തെ ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളം കൊടുക്കണമെന്ന് ഗവൺമെൻറിനോട് ആവശ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ സ്വകാര്യസ്ഥാപനമാണെങ്കിലും ആവശ്യമായ കൂടിയാലോചന നടത്തിയതിൻറെ ഫലമായി ശമ്പളം വർദ്ധിപ്പിച്ചു. അതിനെത്തുടർന്ന് 25,000 രൂപയെന്നുള്ളത് 80,000 രൂപയായി വർദ്ധിപ്പിച്ചു. വീണ്ടും 1984 ഏപ്രിൽ മാസത്തിൽ അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് സ്റൈപ്പൻറ് അനുവദിക്കുന്നതിനുമായി ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ ഗ്രാൻറായികൊടുത്തു. 1985–86-ൽ 50,000 രൂപ അഡ്വാൻസ് ഗ്രാൻറായി കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ കെട്ടിടങ്ങൾ നിർമ്മിക്കു

LIBRARY ARCHIVES Kerala Legislative Assembly